**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6456** **10-11-2021 - ൽ മറുപടിയ്ക്ക്**

**കൂട്ടിക്കലിലെ ഉരുൾപൊട്ടലിലുണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ കൂട്ടിക്കൽ പഞ്ചായത്തിലെ രണ്ടിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 16.10.2021 ലെ തീവ്ര മഴയെ തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും പൂഞ്ഞാർ മണ്ഡലത്തിലെ കൂട്ടിക്കൽ വില്ലേജിൽ പ്രാഥമിക വിലയിരുത്തൽ പ്രകാരം 26 വീടുകൾക്ക് പൂർണമായും 205 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്. കൂട്ടിക്കൽ പഞ്ചായത്ത് ഉൾപ്പെട്ട വരുന്ന കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ 16.7916 കോടിയുടെ കൃഷി നാശം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മറ്റ് വകുപ്പുകളുടെ നാശനഷ്ട കണക്ക് എടുക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മേഖലയിൽ സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങളുടെ വിശദമായ കണക്കെടുപ്പ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | വീടുകളുടെ നാശനഷ്ടങ്ങളുടെ കൃത്യമായ കണക്കെടുപ്പും നാശനഷ്ടത്തിന്റെ തോത് നിശ്ചയിക്കുന്നതും ഇക്കാര്യത്തിലേയ്ക്ക് നിയോഗിച്ചിട്ടുള്ള റവന്യൂ ഉദ്യോഗസ്ഥരും LSGD എൻജിനീയറും അടങ്ങിയ ടീം ചെയ്തുവരുന്നു. ഇക്കാര്യത്തിലേയ്ക്ക് ദുരന്ത ബാധിത മേഖലകളിലേയ്ക്ക് മറ്റ് സ്ഥലങ്ങളിൽ നിന്നും കൂടുതലായി എൻജിനീയർമാരെ നിയോഗിച്ചിട്ടുള്ളതാണ്. മറ്റ് വകുപ്പുകളും നാശനഷ്ടങ്ങളുടെ കൃത്യമായ കണക്കെടുപ്പ് പൂർത്തീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത മേഖലയിൽ ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലിലും ഉണ്ടായ നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ദുരന്തത്തിൽ വീടിനും സ്ഥലത്തിനും നാശനഷ്ടം സംഭവിച്ചവർക്ക് 29.10.2021 ലെ G.O(Ms)No 5/2021/DMD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ